പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3282 — 14.06.2018 ൽ മറുപടിക്ക്

# ജില്ലാ ആശുപത്രികളിൽ കാൻസർ ചികിത്സാ കേന്ദ്രങ്ങൾ

| | ചോദ്യം<br>ശ്രീ.എം. നൗഷാദ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിൽ കാൻസർ ചികിത്സാ കേന്ദ്രങ്ങൾ തുടങ്ങണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ ആവശ്യത്തിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വർദ്ധിച്ചു വരുന്ന ക്യാൻസർ രോഗികളുടെ ബാഹുല്യത്തിനു ആനുപാതികമായി സർക്കാർ മേഖലയിൽ അർബുദ ചികിത്സാ കേന്ദ്രങ്ങൾ അപര്യാപ്തമായതിനാൽ ഈ അവസ്ഥ പരിഹരിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലയിലും ഒരു പ്രധാന ആശുപത്രിയിൽ കീമോ തെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സംവിധാനങ്ങൾ സജ്ജമാക്കുന്നത് ലക്ഷ്യമിട്ട് ക്യാൻസർ കെയർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ ക്യാൻസർ ചികിത്സാ വിദഗ്ദ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് റീജിയണൽ ക്യാൻസർ സെന്ററുകളിൽ വിദഗ്ദ്ധ പരിശീലനം നൽകി ആശുപത്രികളിലേയ്ക്ക് വിന്യസിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രികളിൽ മൂർദ്ധന്യാവസ്ഥയിലുള്ള ക്യാൻസർ രോഗികളെ പരിചരിക്കുന്നതിന് പാലിയേറ്റീവ് കീമോതെറാപ്പി യൂണിറ്റ് 'അഭയം' എന്ന പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ ജില്ലാ ആശുപത്രികളിലാണ് കാൻസർ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ പാലിയേറ്റീവ് കീമോ തെറാപ്പി ആരംഭിച്ചിട്ടുണ്ട്.<br>1. തിരുവനന്തപുരം ജനറൽ ആശുപത്രി<br>2. പുനലൂർ താലൂക്കാശുപത്രി<br>3. കോട്ടയം ജനറൽ ആശുപത്രി<br>4. മാവേലിക്കര ജില്ലാ ആശുപത്രി<br>5. എറണാകുളം ജനറൽ ആശുപത്രി<br>6. തൃശ്ശൂർ ജനറൽ ആശുപത്രി<br>7. തൊടുപുഴ ജില്ലാ ആശുപത്രി<br>8. തിരൂർ ജില്ലാ ആശുപത്രി<br>9. പാലക്കാട് ജില്ലാ ആശുപത്രി<br>10. നല്ലൂർനാട് ട്രൈബൽ ആശുപത്രി<br>11. കണ്ണൂർ ജില്ലാ ആശുപത്രി<br>12. ജനറൽ ആശുപത്രി, കാസർഗോഡ്<br>13. പത്തനംതിട്ട ജനറൽ ആശുപത്രി<br>ഇതു കൂടാതെ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ ജില്ലാ ക്യാൻസർ കെയർ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.<br>കൊല്ലം ജില്ലാ ആശുപത്രി<br>ആലപ്പുഴ ജനറൽ ആശുപത്രി<br>ജില്ലാ ആശുപത്രി, വടക്കാഞ്ചേരി<br>താലൂക്കാശുപത്രി, ഒറ്റപ്പാലം<br>പത്തനംതിട്ട കോഴഞ്ചേരി ജില്ലാ ആശുപത്രി<br>നാല് കേന്ദ്രങ്ങൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാന ആരോഗ്യവകുപ്പിൽ നിലിവിൽ കാൻസർ ചികിത്സ വിദഗ്ധരുടെ എത്ര തസ്തികയുണ്ട്; പുതിയതായി കാൻസർ ചികിത്സ വിദഗ്ധരുടെ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (സി) | സ്പെഷ്യാലിറ്റി കേഡറിൽ ക്യാൻസർ രോഗ വിദഗ്ദ്ധരുടെ തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ